**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2972** **14-02-2024 - ൽ മറുപടിയ്ക്ക്**

**വാത്സല്യ നിധി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ സമഗ്ര വികസനത്തിനായി വാത്സല്യ നിധി എന്ന പേരിൽ നടപ്പിലാക്കി വരുന്ന ഇൻഷ്വറൻസ് ബന്ധിത സാമൂഹിക സുരക്ഷ പദ്ധതിയുടെ വിശദവിവരം ലഭ്യമാക്കാമോ; | (എ) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ സമഗ്ര വികസനത്തിനായി സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ഒരു ലക്ഷം രൂപ വരെ വാർഷിക വരുമാന പരിധിയുള്ള മാതാപിതാക്കളുടെ പെൺകുട്ടികൾക്ക് വാത്സല്യനിധി എന്ന ഇൻഷ്വറൻസ് അധിഷ്ഠിത സമഗ്ര വികസന പദ്ധതി നടപ്പിലാക്കി വരുന്നു. 01.04.2017 മുതൽ ജനിച്ച പെൺകുട്ടികളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പെൺകുട്ടി ജനിച്ച് 9 മാസത്തിനുള്ളിൽ ബന്ധപ്പെട്ട ബ്ലോക്ക്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസുകളിൽ അപേക്ഷ സമർപ്പിക്കേണ്ടതുണ്ട്.<br><br>ടി പദ്ധതി പ്രകാരം പട്ടികജാതി വികസന വകുപ്പ് നാല് ഗഡുക്കളായി ആകെ 1,38,000/- രൂപ പെൺകുട്ടികളുടെ പേരിൽ LIC യിൽ നിക്ഷേപിയ്ക്കുന്നു. പെൺകുട്ടിയ്ക്ക് 18 വയസ്സ് പൂർത്തിയാകുമ്പോൾ മേൽ തുകയ്ക്ക് തത്തുല്യമായ ഇൻഷ്വറൻസ് തുകയായി ആകെ 3,00,000/- രൂപ LIC യിൽ നിന്നും പെൺകുട്ടിയ്ക്ക് നൽകുന്നു.<br><br>ടി തുകയ്ക്ക് പുറമേ കേന്ദ്ര സർക്കാർ നടപ്പിലാക്കി വന്നിരുന്ന PMJJBY പോളിസി പ്രകാരം LIC നൽകേണ്ട അപകട ഇൻഷ്വറൻസ് പരിരക്ഷകൾ, വിദ്യാഭ്യാസ ആനുകൂല്യങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു. |

| ആകസ്മിക മരണത്തിന് | | |
|---|---|---|
| വരുമാനദായകൻ | സാധാരണ മരണം | 2,00,000/- |
| | അപകട മരണം | 4,00,000/- |
| | അപകടം മൂലമുള്ള ഭാഗികമായ അംഗവൈകല്യം | 1,,00,000/- |
| | അപകടം മൂലമുള്ള പൂർണ്ണമായ അംഗവൈകല്യം | 2,00,000/- |
| മറ്റ് രക്ഷാകർത്താവ് | സാധാരണ മരണം | 30,000/- |
| | അപകട മരണം | 30,000/- |
| കുട്ടി | സാധാരണ മരണം | 3,00,000/- ൽ നിന്നും കുട്ടിയുടെ അക്കൗണ്ടിൽ ലഭ്യമാക്കേണ്ട ഫണ്ട് |

<table>
<tr>
<td></td>
<td></td>
<td></td>
<td>
<table>
<tr><td></td><td></td><td>കുറച്ചതിന്റെ ബാക്കി തുക ഇൻഷ്വറൻസ് ആനുകൂല്യമായി LIC കൊടുക്കുന്നതായിരിക്കും (ആയത് 8 വയസ്സിന് ശേഷം മാത്രം ബാധകമായിരിക്കും . 8 വയസ്സിന് ശേഷമാണ് ഇൻഷ്വറൻസ് കവറേജ്)</td></tr>
<tr><td colspan="3">വിദ്യാഭ്യാസപരമായ ആനുകൂല്യങ്ങൾ</td></tr>
<tr><td>സ്വീകർത്താവ്</td><td>പഠിക്കുന്ന സ്റ്റാൻഡേർഡ്</td><td>തുക</td></tr>
<tr><td>പെൺകുട്ടി</td><td>9,10,11,12</td><td>1200/- രൂപ ഓരോ വർഷവും</td></tr>
<tr><td>സഹോദരനോ സഹോദരിക്കോ</td><td>9,10,11,12</td><td>1200/- രൂപ ഓരോ വർഷവും</td></tr>
</table>
01/06/2020 ൽ PMJJBY പദ്ധതി കേന്ദ്ര സർക്കാർ നിർത്തലാക്കിയതിനാൽ മേൽ പറഞ്ഞവയിൽ ആദ്യ രക്ഷിതാവിന് മരണം/അംഗവൈകല്യം സംഭവിച്ചാൽ ലഭിക്കുമെന്ന് പറഞ്ഞിരുന്ന ഇൻഷ്വറൻസ് തുകയും കുട്ടികൾക്ക് പ്രഖ്യാപിച്ചിരുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങളും അനുവദിക്കാൻ നിലവിൽ LIC തയ്യാറല്ല. ഇത്തരത്തിൽ പദ്ധതി ഘടകങ്ങളിൽ വ്യതിയാനം ഉണ്ടായി.
മേൽ സാഹചര്യത്തിൽ പദ്ധതി പുന:പരിശോധിച്ച് കൂടുതൽ മെച്ചപ്പെട്ട രീതിയിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ആയതിനാൽ നിലവിൽ വാത്സല്യനിധി പദ്ധതി പ്രകാരം അപേക്ഷ സ്വീകരിക്കുന്നില്ല.
</td>
</tr>
<tr>
<td>(ബി)</td>
<td>പാലക്കാട് ജില്ലയിൽ എത്ര പേർക്ക് ഇതിനോടകം ഈ പദ്ധതിയുടെ പ്രയോജനം ലഭിച്ചിട്ടുണ്ടെന്ന് വർഷാടിസ്ഥാനത്തിലുള്ള കണക്ക് നൽകുമോ?</td>
<td>(ബി)</td>
<td>
വാത്സല്യനിധി പദ്ധതിയുടെ പ്രയോജനം ആർക്കെങ്കിലും ലഭിച്ചതായി പറയാൻ കഴിയുന്ന സാഹചര്യമില്ല. ആദ്യഘട്ടത്തിൽ പദ്ധതിയിൽ പെൺകുട്ടികളുടെ പേര് ചേർക്കുകയും അവർക്കായി ആദ്യ ഗഡു തുക LIC യിൽ നിക്ഷേപിക്കുകയുമാണ് ചെയ്തിട്ടുള്ളത്. ഇപ്രകാരം പാലക്കാട് ജില്ലയിൽ നിന്നും വാത്സല്യനിധി പദ്ധതിയിൽ ഉൾപ്പെടുത്തിയവരുടെ വർഷം തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു.
<table>
<tr><th>ക്രമ നം</th><th>ജില്ല</th><th>വർഷം</th><th>എണ്ണം</th></tr>
<tr><td>1</td><td rowspan="8">പാലക്കാട്</td><td>2017</td><td>63</td></tr>
<tr><td>2</td><td>2018</td><td>56</td></tr>
<tr><td>3</td><td>2019</td><td>1076</td></tr>
<tr><td>4</td><td>2020</td><td>543</td></tr>
<tr><td>5</td><td>2021</td><td>140</td></tr>
<tr><td>6</td><td>2022</td><td>0</td></tr>
<tr><td>7</td><td>2023</td><td>0</td></tr>
<tr><td>8</td><td>2024</td><td>0</td></tr>
<tr><td></td><td>ആകെ</td><td></td><td>1878</td></tr>
</table>
</td>
</tr>
</table>

സെക്ഷൻ ഓഫീസർ